# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 340 — 21/06/2019-ൽ മറുപടിയ്ക്ക്

## കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. പി. അനിൽ കുമാർ<br>,, വി. എസ്. ശിവകുമാർ<br>,, അനിൽ അക്കര<br>,, അൻവർ സാദത്ത് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ആർ.ബി.ഐ. മുന്നോട്ട് വച്ച വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണോ ലയന നടപടികൾ പൂർത്തിയാക്കിയതെന്ന റിയിക്കുമോ; | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ്വ് ബാങ്ക് തത്വത്തിൽ അനുമതി നൽകിയ അവസരത്തിൽ മുന്നോട്ട് വച്ചിരുന്ന നിബന്ധനകളിൽ ലയനത്തിന് മുൻപ് പൂർത്തീകരിക്കേണ്ട വ്യവസ്ഥകൾ പാലിച്ച് അന്തിമ അനുമതിക്കായി അപേക്ഷ നബാർഡ് മുഖാന്തിരം റിസർവ്വ് ബാങ്കിന് സമർപ്പിച്ചു. ആർ.ബി.ഐ. നിബന്ധനകളിൽ സർക്കാർ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഘട്ടംഘട്ടമായി നിർത്തൽ ചെയ്യണമെന്ന ആവശ്യം സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ നടപ്പാക്കാൻ കഴിയില്ല എന്നും ഇക്കാരണത്താൽ ഇളവ് അനുവദിക്കണമെന്നും ആഭ്യർത്ഥിച്ച് അപേക്ഷയോടൊപ്പം കത്ത് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കുന്നതിന് ജില്ലാ ബാങ്കുകളുടെ പൊതു യോഗത്തിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന ആർ.ബി.ഐ. നിബന്ധന പാലിക്കപ്പെട്ടിട്ടുണ്ടോ; | (ബി) | സഹകരണ നിയമം 2019 ലെ ഭേദഗതി അനുസരിച്ച് ലയന പ്രമേയം പാസ്സാക്കുന്നതിന് കേവല ഭൂരിപക്ഷം മതിയാകും. അതുപ്രകാരം മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലും ലയന പ്രമേയം പാസ്സായിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ അപ്രകാരം മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനതീരുമാനം എടുക്കാത്ത ജില്ലാ സഹകരണ ബാങ്കുകളെ എപ്രകാരമാണ് സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുകയെന്ന് വ്യക്തമാക്കുമോ? | (സി) | 2019 ലെ സഹകരണ നിയമ ഭേദഗതി അനുസരിച്ച് ലയന തീരുമാനം എടുക്കാത്ത മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ലയന തീരുമാനത്തിലേക്ക് കൊണ്ട് വരുന്നതിന് ചർച്ചകൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ